# ഭക്ഷ്യസുരക്ഷയും കൃഷിയും

വിപിൻദാസ്

തൃശ്ശൂർ : ഭക്ഷ്യസുരക്ഷ ഒരു ജനകീയപ്രശ്നമാക്കി ഉയർത്തി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലൂടെ പരിഹാരം കണ്ടെത്തണമെന്ന് ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച സെമിനാർ വിലയിരുത്തി. ഇൻഫാക്ക്,ഇനാഗ് എന്നീ സംഘടനകളുടെ നേതൃത്വത്തിൽ തൃശ്ശൂർ കിലയിലാണ് രണ്ടു ദിവസം നീണ്ട സെമിനാർ സംഘടിപ്പിച്ചത്.

കേരളത്തിലെ ജനങ്ങളുടെ സാമൂഹ്യ വ്യവസ്ഥിതി ആസ്ട്രേലിയൻ ആപ്പിൾ വാങ്ങുന്നവരും ചപ്പുകുനയിൽ നിന്ന് ഭക്ഷണം കണ്ടെത്തുന്നവരും അടങ്ങിയതാണെന്ന് സെമിനാർ ഉദ്ഘാടനം ചെയ്ത പ്രൊഫ.സാറാ ജോസഫ് ചൂണ്ടിക്കാട്ടി. നാടൻവിഭവങ്ങളോടുള്ള ഗൃഹാതുരത്വം നമുക്കിന്നുമുണ്ടെന്നും അതുകൊണ്ടാണ് നാടൻ വിഭവങ്ങൾ അടങ്ങിയ പാക്കറ്റ് ഭക്ഷണത്തിന് പ്രിയമേറുന്നതെന്നും അവർ പറഞ്ഞു.

തുടർന്ന് നടന്ന വിവിധ സെഷനുകളിൽ ഡോ.സതീഷ് ചന്ദ്രൻനായർ, സി.കെ. സുജിത്കുമാർ, ഡോ.പി.എസ്. ഗീതക്കുട്ടി, ഡോ.ആർ.എം.പ്രസാദ്, ഡോ.എം.അനന്തരാമൻ, ഡോ.ജെ.ജെ.പള്ളത്ത് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

കാർഷികരംഗത്ത് കൃഷിക്കാരുടെയും, ശാസ്ത്രജ്ഞന്മാരുടെയും സംയുക്തമായ നിരീക്ഷണങ്ങൾ ഫലപ്രദമായി വിനിയോഗിക്കണമെന്നും പഴയ കാർഷികരീതികളിലെ ശാസ്ത്രീയതകളെ തിരിച്ചറിഞ്ഞ് അവയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി കൃഷിക്കാരിലെത്തിക്കണമെന്നും കേരള കാർഷിക സർവകലാശാലയിലെ ഡോ.ആർ.എം.പ്രസാദ് പ്രബന്ധത്തിൽ ആവശ്യപ്പെട്ടു.

കലത്തൊഴിലുകളിൽ അഭിമാനം കണ്ടെത്താനാവാത്ത വിദ്യാഭ്യാസം മൂലം ഗ്രാമങ്ങൾ തനതു തൊഴിലറിയാത്തവരുടെ കൂട്ടമായി മാറുന്നുവെന്ന് ചർച്ചയിൽ പങ്കെടുത്ത സിവിക് ചന്ദ്രൻ പറഞ്ഞു. വിദ്യാഭ്യാസപരമായി വിവരമുള്ളവർ തങ്ങളുടെ പ്രായോഗികജ്ഞാനമില്ലാത്ത വിവരങ്ങൾ കൃഷിക്കാരനെ പഠിപ്പിച്ച് അവന്റെ സ്വാഭാവികതയേയും നാട്ടറിവിനേയും നശിപ്പിച്ചുകൊണ്ടിരിക്കുന്നതായാണ് ജിനൻ അഭിപ്രായപ്പെട്ടത്. എല്ലാ വിഭാഗം ജനങ്ങൾക്കും ആഹാരം ലഭ്യമാക്കുന്ന ഒരു സാമൂഹ്യാന്തരീക്ഷമാണ് ഭക്ഷ്യസുരക്ഷയിലൂടെ താൻ ഉദ്ദേശിക്കുന്നതെന്ന് കാർഷിക സർവകലാശാലയിലെ ഡോ:രാജു വ്യക്തമാക്കി. ലഭ്യമാകുന്ന ഭക്ഷ്യപദാർത്ഥങ്ങൾ ആരോഗ്യം നിലനിർത്താൻ ഉപകരിക്കുന്നവയാണെന്ന് ഉറപ്പ് വരുത്താനുള്ള സംവിധാനവും നമുക്ക് ഉണ്ടായിരിക്കണം.കൃഷിയെ ലാഭവുമായി ബന്ധപ്പെടുത്തുന്നതോടെ ഗുണമേന്മ,സ്വാദ് എന്നിവ അപ്രസക്തമായി മാറുകയാണെന്നും അദ്ദേഹം പറഞ്ഞു.

ഭക്ഷ്യസുരക്ഷയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും എന്ന വിഷയത്തെ അധികരിച്ചുള്ള ചർച്ചയിൽ നായരമ്പലം പഞ്ചായത്ത് പ്രസിഡണ്ട് എൻ.കെ.ബിന്ദു, പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത് പ്രസിഡണ്ട് ഇ.എ.മോഹനൻ, ചേന്ദമംഗലം പഞ്ചായത്ത് അംഗം വിംസൻമാസ്റ്റർ, ബീന സണ്ണി എന്നിവർ പങ്കെടുത്തു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പൂർണാധികാരം കൈവന്ന സാഹചര്യം ഉപയോഗപ്പെടുത്തണമെന്ന് അവർ സൂചിപ്പിച്ചു.

പ്രവർത്തനപരിപാടികളുടെ ആദ്യപടിയായി ജൂലായ് 15 ന് ശേഷം എല്ലാ പഞ്ചായത്ത് പ്രസിഡണ്ടുമാർക്കും ഭക്ഷ്യസുരക്ഷിതത്വത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്ന കത്തയക്കാൻ തീരുമാനിച്ചു. ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള ദൈനംദിന പരിപാടികൾ സമാഹരിക്കാനും ഓരോ വിഷയത്തിനും പ്രാവീണ്യം നേടിയവരെ ഉൾപ്പെടുത്തിയുള്ള വിപുലമായ മറ്റൊരു ക്യാമ്പ് സെപ്റ്റംബർ അവസാനത്തിൽ നടത്താനുമുള്ള ധാരണയോടെ ക്യാമ്പ് പിരിഞ്ഞു.